നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3197**

**21-08-2017** ൽ മറുപടിയ്ക്ക്

# തീരക്കടലിലൂടെയും കനാലുകളിലൂടെയും ചരക്ക് ഗതാഗതം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. വി.എസ്.ശിവകുമാർ :<br>ശ്രീ. അൻവർ സാദത്ത് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ ചരക്ക് ഗതാഗതത്തിന്റെ നിശ്ചിത ശതമാനം തീരക്കടലിലൂടെയും കനാലുകളിലൂടെയുമാക്കി മാറ്റാൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(എ) 2020-ഓടെ നിലവിൽ റോഡ് / റയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ 40 ശതമാനവും, 2030 ഓടെ 50 ശതമാനവും തീരദേശ കപ്പൽ ഗതാഗതം വഴി നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനു വേണ്ടി വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ , ബേപ്പൂർ , അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ചരക്ക് ഗതാഗതത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൊല്ലം - കോഴിക്കോട് ജലപാത ദേശീയ ജലപാതയുടെ ഭാഗമായി വികസിപ്പിക്കുന്നുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മി. ജലപാത സംസ്ഥാന ജലപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും, കോഴിക്കോട് മുതൽ വടകര വരെയുള്ള ജലപാതയുടെ വികസനവും, സംസ്ഥാന ജലസേചന വകുപ്പ് നടത്തിവരുന്നു. വടകര മുതൽ മാഹി വരെയുള്ള 17.61 കി.മി. നീളമുള്ള പുതിയ കനാലിന്റെ നിർമ്മാണം 5 റീച്ചുകളിലായി വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. മാഹി മുതൽ വളപട്ടണം വരെയുള്ള ജലപാതയിൽ 3 അൺകട്ട് ഭാഗങ്ങളുടെ നിർമ്മാണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാനായി സംസ്ഥാന സർക്കാരിന്റെയും സിയാലിന്റെയും പങ്കാളിത്തത്തോടെ ഒരു പൊതുമേഖലാ കമ്പനി (SPV) രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് തുറമുഖങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) യും (സി) യും ചെറുകിട തുറമുഖങ്ങളായ വിഴിഞ്ഞം, കൊല്ലം , ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ ചരക്ക് ഗതാഗതം സുഗമമാക്കുന്നതിന് അത്യാധുനിക ഉപകരണങ്ങളായ റീച്ച് സ്റ്റാക്കറുകൾ, 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിനുകൾ, 20 ടൺ ക്രെയിനുകൾ, വി.ടി.എം.എസ് സംവിധാനങ്ങൾ

| | | | |
|---|---|---|---|
| (സി) | ചരക്ക് ഗതാഗതത്തിനായി തുറമുഖങ്ങളിലും കനാലുകളിലും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ; വ്യക്തമാക്കുമോ ; | | തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേക്ക് അടുപ്പിക്കുന്നതിനായി ശേഷിയുള്ള ടഗ്ഗുകളുടെ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ ചാനലുകളിലെ ആഴം കൂട്ടുന്നതിനായി 20 കോടി രൂപ ചെലവിൽ അത്യാധുനികവും ശേഷി കൂടിയതുമായ ഒരു കട്ടർ സക്ഷൻ ഡ്രഡ്ജർ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ട്മെന്റിന് ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ , കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.<br><br>കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്ത് വാർഫിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 496 കോടി രൂപ ചെലവിൽ അഴീക്കൽ തുറമുഖം കിഫ്ബി സഹായം വഴി വികസിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുറമുഖ വികസനത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പരിസ്ഥിതി ആഘാതപഠനം നടന്നുവരുന്നു. |
| (ഡി) | ചരക്ക് ഗതാഗതത്തിന് ഇൻസെന്റീവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഡി) | ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു മെട്രിക് ടണ്ണിന് ഒരു രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നുണ്ട്. സർക്കാർ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളിൽ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡ്ലിംഗ് ചാർജ്ജിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ